**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2601** **21-01-2021 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിൽ ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ എന്തെല്ലാം മുൻകരുതലുകളും ക്രമീകരണങ്ങളുമാണ് കൈക്കൊണ്ടത്; | (എ) | ശബരിമലയിൽ ഈ വർഷത്തെ മണ്ഡലമകരവിളക്ക് കാലത്ത് കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടാണ് ഭക്തജനങ്ങളെ പ്രവേശിപ്പിച്ചത്. ഇതിന്റെ ഭാഗമായി പ്രതിദിനം 1000പേർക്കും ശനി, ഞായർ ദിവസങ്ങളിൽ 2000 പേർക്കുമാണ് ആദ്യഘട്ടത്തിൽ ദർശനത്തിന് അനുമതിയുണ്ടായിരുന്നത്. തുടർന്ന് അത് പ്രതിദിനം 2000 ശനി, ഞായർ ദിവസങ്ങളിൽ 3000 പേർക്കുമായി ഉയർത്തുകയുണ്ടായി. തുടർന്ന് ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദർശനത്തിനായി 5000പേർക്ക് അനുമതി നൽകുകയുണ്ടായി. ദർശനത്തി നെത്തുന്ന അയ്യപ്പഭക്തർക്കും ഡ്യൂട്ടിയിലുള്ള ജീവനക്കാർക്കും കോവിഡ് 19- നെഗറ്റീവ് സർട്ടിഫിക്കറ്റ് ബാധകമാക്കി, ജീവനക്കാർക്ക് മാസ്ക്ക് ,ഷീൽഡ് ,ഗ്ലൗസ്, സാനിറ്റൈസർ എന്നിവ നിർബന്ധമാണ്. അന്നദാനം കുടിവെള്ളം എന്നിവ ഡിസ്പോസിബിൾ പാത്രങ്ങളിലാക്കി. പമ്പാസ്നാനം ഒഴിവാക്കി ഷവർബാത്ത് സംവിധാനമൊരുക്കി. കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടാണ് ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും താമസ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഭക്ത ജനങ്ങൾ ക്ഷേത്ര പുരോഹിതരെയും തന്ത്രിയേയും സന്ദർശിക്കുന്നത് ഒഴിവാക്കി.ക്ഷേത്രവും പരിസരവും ഇടവിട്ട സമയങ്ങളിൽ അണുവിമുക്തമാക്കി. ആന്റിജൻ ടെസ്റ്റിന് പകരം ആർ.ടി.പി.സി.ആർ ടെസ്റ്റ് ബാധകമാക്കി. |
| (ബി) | കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കുവാൻ ഇപ്രാവശ്യം പ്ലാസ്റ്റിക്ക് കൈയുറകളും, പ്ലാസ്റ്റിക് കുപ്പിവെള്ളവും അനുവദിക്കണമെന്നും, നിലവിലുള്ള കോടതി ഉത്തരവിൽ ഇളവ് നൽകണമെന്നും | (ബി) | ദേവസ്വം ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ ബഹു.ഹൈക്കോടതി നിയമിച്ചിട്ടുള്ള ശബരിമല സ്പെഷ്യൽ കമ്മീഷ്ണർ കോവിഡ് വ്യാപനം ഉണ്ടാകാതിരിക്കുവാൻ നിലവിലുള്ള കോടതി |

| | | | |
|---|---|---|---|
| | ദേവസ്വം ബോർഡ്ഹൈക്കോടതിയിൽ ആവശ്യപ്പെട്ടിരുന്നോ; | | ഉത്തരവിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. |
| (സി) | ഭാവി തലമുറയേയും പരിസ്ഥിതിയേയും കരുതി നിരോധനം പുന:പരിശോധിക്കേണ്ട എന്ന് കോടതി തീരുമാനിച്ചിട്ടുണ്ടോ; | (സി) | തീർത്ഥാടകർക്കുള്ള നിയന്ത്രണം സംബന്ധിച്ച് ബഹു.ഹൈക്കോടതി 25/11/2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . |
| (ഡി) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് വ്യാപനം തടയുന്നതിന് എന്ത് ബദൽ മാർഗ്ഗമാണ് സ്വീകരിച്ചത്; അത് വിജയപ്രദമായിരുന്നോ ; വിശദമാക്കുമോ ? | (ഡി) | കുടിവെള്ളത്തിന് സ്റ്റീൽ പാത്രങ്ങളും അന്നദാനം നൽകുന്നതിന് ഡിസ്പോസിബിൾ പാത്രങ്ങളും അനുവദിച്ചു. കോവിഡ് വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ ഒരു പരിധിവരെ വിജയപ്രദമായിരുന്നു. എന്നിരുന്നാലും തീർത്ഥാടകരും ഉദ്യോഗസ്ഥരും ഉൾപ്പെടെ 500-ഓളം പേർക്ക് ഈ ശബരിമല മണ്ഡല മകര വിളക്ക് മഹോത്സവകാലത്ത് കോവിഡ് രോഗം ബാധിച്ചിരുന്നു . |

സെക്ഷൻ ഓഫീസർ